പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

14/06/2013- ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1421

## കണ്ടിൻജന്റ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം<br>ശ്രീ. ഡി.സാജുപോൾ | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി.<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ നഗരസഭകളിലെ കണ്ടിജന്റ് ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ വിലയിരുത്തിയിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി ഇവരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് 50384/ഇവി3/11/എൽ.എസ്.ജി.ഡി നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ, 24/4/2013 ലെ സ.ഉ(എം.എസ്) 160/2013/തസ്വഭവ ഉത്തരവ് പ്രകാരം പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) ധനകാര്യ വകുപ്പ് 91296/ഡബ്ള്യു.ഡബ്ള്യു.1/12/ഫിൻ നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ എൽ.എസ്.ജി.ഡിക്ക് നൽകിയ അഭിപ്രായം പൂർണ്ണരൂപത്തിൽ വ്യക്തമാക്കുമോ | (സി) അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ഡി) പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ എന്തെന്ന് അറിയിക്കുമോ | (ഡി) മുകളിലെ ബി പിരിവിന്റെ ഉത്തരം കാണ്ടാലും |

സെക്ഷൻ ഓഫീസർ

35) 28.02.2011-ലെ G.O.(P)No.87/2011/Fin. നമ്പർ സർക്കാർ ഉത്തരവു പ്രകാരം സർവ്വീസ് പെൻഷൻക്കാർക്ക് അനുവദിച്ച പെൻഷൻ പരിഷ്ക്കരണം താഴെ നിർദ്ദേശിക്കുംവിധം സംസ്ഥാന നഗര സഭകളിലെ കണ്ടിൻജന്റ് പെൻഷൻക്കാർക്കും അനുവദിക്കാവുന്ന താണ്.

**b) അടിസ്ഥാന തത്വങ്ങൾ**

പെൻഷൻ നിരക്കുകൾക്ക് 01.07.2009 മുതൽ പ്രാബല്യം നൽകാവുന്നതാണ്.

**c) പരമാവധി പെൻഷൻ:**

സ.ഉ.(പി)നം.87/11/ധന. പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ Minimum Basic Pension/Family Pension 4500/- രൂപയും പരമാവധി പെൻഷൻ ഏറ്റവും ഉയർന്ന ശമ്പള സ്കെയിലിന്റെ ഏറ്റവും ഉയർന്ന സ്റ്റേജിന്റെ 50% ആയും (29,920 രൂപ) ഫാമിലി പെൻഷൻ ഏറ്റവും ഉയർന്ന ശമ്പള സ്കെയിലിന്റെ ഏറ്റവും ഉയർന്ന സ്റ്റേജിന്റെ 30% ആയും (17,960 രൂപ) നിജപ്പെടുത്തി യിട്ടുണ്ട്.

G.O.(Ms)200/2011/LSGD. dated 25.08.2011 പ്രകാരം കണ്ടിൻജന്റ് ജീവനക്കാരുടെ പരമാവധി ശമ്പളം 15380/- രൂപയാണ്. മുകളിൽ പറഞ്ഞ രീതിയിൽ മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാരുടെ ശമ്പള സ്കെയിലിന്റെ പരമാവധിയായ 15380-ന്റെ 50% ആയി പരമാവധി പെൻഷനും 30% ആയി പരമാവധി ഫാമിലി പെൻഷനും നിജപ്പെടുത്തുമ്പോൾ 30 വർഷത്തിലധികം സർവ്വീസുള്ള ഭൂരിഭാഗം ജീവനക്കാർക്കും പെൻഷനിൽ കുറവുണ്ടാകും എന്ന് DLFA അഭിപ്രായപ്പെടുന്നു.

ഇതിനു പരിഹാരമായി സംസ്ഥാന നഗരസഭ കണ്ടിൻജന്റ് ജീവനക്കാരുടെ പരമാവധി പെൻഷൻ 60% ആയും പരമാവധി ഫാമിലി പെൻഷൻ 40% ആയും ഉയർത്താവുന്നതാണ്.

(d) **പെൻഷൻ/കുടുംബ പെൻഷൻ നിർണ്ണയം**

01.07.2009–നു മുൻപ് സർവ്വീസിൽനിന്നും വിരമിക്കുകയോ മരണപ്പെടുകയോ ചെയ്ത ജീവനക്കാരുടെ പെൻഷൻ/കുടുംബ പെൻഷൻ G.O.(P)No.87/2011/Fin. dated 28.11.2011–ലെ ഖണ്ഡിക 3(1), 3(2), 3(3), 3(4), 3(5), 3(6), 3(7), 3(8), 3(9), 3(10), 3(11), 3(12) വരെയും ഖണ്ഡിക 4(1), 4(2), 4(3), 4(4), 4(5), 4(6) വരെയുമുള്ള നിബന്ധനകൾ അനുസരിച്ചായിരിക്കുമെന്ന് നിർദ്ദേശിക്കാവു ന്നതാണ്.

സംസ്ഥാന സർവ്വീസ് പെൻഷൻകാർക്ക് അടിസ്ഥാന പെൻഷൻ നിർണ്ണയിക്കുന്നതിന് Stage Benefit അനുവദിച്ചിട്ടില്ലാത്തതിനാൽ കണ്ടിൻജന്റ് പെൻഷൻകാർക്ക് Stage Benefit അനുവദിക്കണമെന്ന നിർദ്ദേശം അംഗീകരിക്കുന്നതിന് നിർവ്വാഹമില്ല.

(e) **അടിസ്ഥാന പെൻഷനിലെ വർദ്ധന:**

സംസ്ഥാന സർവ്വീസിലെ പെൻഷൻകാർക്ക് ഒരു നിശ്ചിത തുക പരിഷ്ക്കരണത്തിൽ ensure ചെയ്തിട്ടില്ലാത്തതിനാൽ 400/– രൂപ ചുരുങ്ങിയ വർദ്ധന വ്യവസ്ഥ ചെയ്യുന്ന ഭരണ വകുപ്പു ശുപാർശ അംഗീകരിക്കുന്നതിന് നിർവ്വാഹമില്ല.

(f). **പെൻഷൻ/കുടുംബ പെൻഷൻ/ക്ഷാമാശ്വാസം: (Dearness Relief)**

ഭരണ വകുപ്പ് ശുപാർശ G.O.(P)No.87/2011/Fin. ഖണ്ഡിക (7) പ്രകാരമാണ്. അംഗീകരിക്കാവുന്നതാണ്.

(g). **എക്സ് ഗ്രേഷ്യാ പെൻഷൻ:**

ഭരണ വകുപ്പ് ശുപാർശ G.O.(P)No.87/2011/Fin. ഖണ്ഡിക 3(10) പ്രകാരമാണ്. അംഗീകരിക്കാവുന്നതാണ്. Exgratia Pension കാർക്ക് Dearness Relief–ന് അർഹത ഉണ്ടായിരിക്കില്ലെന്നും നിഷ്ക്കർഷിക്കാവുന്നതാണ്.

(h). **ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റ്യുറ്റി:**

ഭരണ വകുപ്പ് ശുപാർശ G.O.(P)No.87/2011/Fin. ഖണ്ഡിക6(1) പ്രകാരമായതിനാൽ അംഗീകരിക്കാവുന്നതാണ്.

(i) **പെൻഷൻ കമ്മ്യൂട്ടേഷനും കമ്മ്യൂട്ട് ചെയ്ത ഭാഗം പുന:സ്ഥാപിക്കലും**

G.O.(P)87/2011/Fin. dated 28.02.2011-ലെ ഖണ്ഡിക (5) ബാധക മാക്കാവുന്നതാണ്.

108HH 16 FEB 2013 GOVT. SECRETARIAT ...NMENT DEPT.

(j) **മെഡിക്കൽ അലവൻസ്:**

സർവ്വീസ് പെൻഷൻകാർക്ക് പുതുക്കിയ നിരക്കിലുള്ള മെഡിക്കൽ അലവൻസ് ഉത്തരവിറങ്ങിയ മാസം (01.02.2011) മുതൽ അനുവദിച്ചിരുന്നതുപോലെ കണ്ടിൻജന്റ് ———— ———— പെൻഷൻകാർക്ക് ഉത്തരവിന്റെ തീയതി മുതൽ പുതുക്കിയ Medical Allowance ആയ 300/- രൂപ അനുവദിക്കാവുന്നതാണ്.

(k) **പെൻഷൻ കുടിശ്ശിക:**

അധിക സാമ്പത്തിക ബാധ്യത നഗര സഭകൾ വഹിക്കണമെന്ന നിബന്ധനയിൽ, 01.04.2010 മുതൽ പെൻഷൻ കുടിശ്ശിക നൽകുന്നതിനുള്ള ഭരണ വകുപ്പ് ശുപാർശ അംഗീകരിക്കുന്നു.

(l) 04.05.2009-ലെ സ.ഉ. (എം.എസ്) 127/2009/ത.സ്വ.ഭ.വ. ഖണ്ഡിക 21 അനുസരിച്ച് നിലവിലുള്ള പാർട്ട് ടൈം തസ്തികകൾ ഫുൾടൈം ആയി ഉയർത്തിയിരുന്നു. ടി സാഹചര്യത്തിൽ പാർട്ട് ടൈം തസ്തികയിൽ വിരമിച്ച ജീവനക്കാർ ടി വിഭാഗത്തിൽ ഉണ്ടാകുവാൻ സാധ്യതയുണ്ട്. അതുകൊണ്ട് പാർട്ട്ടൈം തസ്തികയിൽനിന്നും വിരമിച്ച ജീവനക്കാരെ ടി പെൻഷൻ പരിഷ്ക്കരണത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കേണ്ടതാണ് എന്ന് അറിയിച്ചു കൊള്ളുന്നു.

(m) Draft G.O. Vetting-നായി ധനകാര്യ വകുപ്പിന് അയക്കേണ്ടതാണ് എന്നും അറിയിച്ചു കൊള്ളുന്നു.

(signature)
സെക്ഷൻ ഓഫീസർ